**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1052** **12-06-2024 - ൽ മറുപടിയ്ക്ക്**

**ഉള്ളണം ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഹൗസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി ഉള്ളണം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പമ്പ് ഹൗസ്, പുഴയുടെ കര ഇടിഞ്ഞതിനാൽ ഏതു സമയവും പുഴയിലേക്ക് ഇടിഞ്ഞു വീഴുമെന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉള്ളണം എൽ.ഐ. സ്കീമിന്റെ പമ്പ് ഹൗസിന്റെ പിൻവശത്തു കടലുണ്ടിപ്പുഴയുടെ സംരക്ഷണഭിത്തി മഴയെ തുടർന്ന് തകർന്നിട്ടുണ്ട്. സക്ഷൻ പൈപ്പ് (suction pipe) അടിയന്തിരമായി അഴിച്ച് സുരക്ഷിത സ്ഥാനത്തേക്ക് മാറ്റുന്നതിനും മണൽ ചാക്ക് ഉപയോഗിച്ച് താൽക്കാലിക സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള 3 ലക്ഷം രൂപയുടെ പ്രവൃത്തി നടപ്പിലാക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഈ ഭാഗത്ത് പുഴയുടെ സൈഡ് കെട്ടി പമ്പ് ഹൗസ് സംരക്ഷിക്കേണ്ട അടിയന്തര സാഹചര്യം പരിഗണിച്ച് ബന്ധപ്പെട്ട എൻജിനീയറിങ് വിഭാഗം തയ്യാറാക്കി സമർപ്പിച്ച 35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അടങ്ങിയ പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി 33 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൈസ് വഴി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | ഇക്കാര്യത്തിൽ മൈനർ ഇറിഗേഷൻ ഉദ്യോഗസ്ഥർ എമർജൻസി ഗണത്തിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിന് സമർപ്പിച്ച 35 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് അനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ. എ. സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | മറുപടി ബി പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ